# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 02.05.2025** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1. കേരളത്തിന്റെ വികസനകുതിപ്പിന് കരുത്തുപകരുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് നാടിന് സമർപ്പിക്കും.

   **Prime Minister Narendra Modi will dedicate the Vizhinjam International Deepwater Multipurpose Seaport, India's first semi-automated port, to the nation in Kerala today.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ആന്ധ്രാപ്രദേശിലെ അമരാവതിയിൽ 58,000 കോടിയുടെ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi will also inaugurate, lay the foundation stone and dedicate to the nation multiple development projects worth over 58,000 crore rupees in Amaravati, Andhra Pradesh.**

3. പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച ആരേയും രാജ്യം വെറുതേവിടില്ലെന്ന് കേന്ദ്രമന്ത്രി അമിത് ഷാ.

   **Government will not spare anyone involved in Pahalgam terror attack, says Union Home Minister Amit Shah.**

4. യു.എസ് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്ത് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങുമായി സംസാരിച്ചു; സ്വയം പ്രതിരോധിക്കാനുള്ള ഇന്ത്യയുടെ അവകാശത്തിന് പിന്തുണ.

   **US Defence Secretary Pete Hegseth speaks with Defence Minister Rajnath Singh; emphasizes India's right to defend itself.**

5. വേവ്സ് ഉച്ചകോടിയിൽ പ്രഥമ ആഗോള മാധ്യമ സംവാദം ഇന്ന്.

**India is set to host the Global Media Dialogue for the first time as part of WAVES Summit at Jio World Convention Centre in Mumbai today.**

6. **ഡോക്ടർമാർ രോഗികൾക്ക് ജനറിക് മരുന്നുകൾ മാത്രമേ നിർദ്ദേശിക്കാവൂവെന്ന് സുപ്രീംകോടതി; ഏതെങ്കിലും പ്രത്യേക ബ്രാൻഡ് നിർദ്ദേശിക്കാൻ പാടില്ലെന്നും ഉത്തരവിട്ടു.**

**Doctors across the country should be mandated to prescribe only generic medicines: SC.**

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## VIZHINJAM (INTRO)

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് നാടിന് സമർപ്പിക്കും. രാവിലെ 11 ന് വിഴിഞ്ഞം തുറമുഖത്ത് നടക്കുന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ, കേന്ദ്ര സഹ മന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ, മന്ത്രിമാർ , എംപിമാർ , എം എൽ എ മാർ തുടങ്ങി നിരവധി പേർ പങ്കെടുക്കും.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്.............**

(വോയിസ്)

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## VIZHINJAM SECURITY

പ്രധാനമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് കനത്ത സുരക്ഷ. 4,200 ഓളം പോലീസുകാരെ നിയോഗിച്ചിട്ടുണ്ട്. കടലിൽ കോസ്റ്റ്ഗാർഡിൻറെ നേതൃത്വത്തിൽ കപ്പലുകളിൽ സുരക്ഷയൊരുക്കുന്നു. വ്യോമസേനയുടെ പ്രത്യേക വിമാനങ്ങളും ഹെലികോപ്റ്ററുകളും വിന്യസിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ചടങ്ങ് വീക്ഷിക്കുന്നതിന് ഉദ്ഘാടന വേദിയ്ക്ക് ഇരു വശത്തുമായി പവലിയനുകൾ സജ്ജമാക്കി. തിരുവനന്തപുരം

നഗരത്തിൽ ഇന്ന് ഉച്ചക്ക് 2 മണി വരെ ഗതാഗത നിയന്ത്രണമുണ്ട്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## PM – ANDHRA PRADESH

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ആന്ധ്രാപ്രദേശിലെ അമരാവതിയിൽ 58,000 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും. 6 ദേശീയ പാതകൾക്കും ഒരു റെയിൽവേ പദ്ധതിക്കും തറക്കല്ലിടും. ഏഴ് ദേശീയ പാതകൾ ഉദ്ഘാടനം ചെയ്യും. നിയമസഭ, ഹൈക്കോടതി, പാർപ്പിട സമുച്ചയങ്ങൾ ഉൾപ്പെടെ അടിസ്ഥാന സൗകര്യ പദ്ധതികൾക്കും തറക്കല്ലിടും. ആന്ധ്രയിലെ നാഗയലങ്കയിൽ മിസൈൽ പരീക്ഷണ കേന്ദ്രത്തിനും പ്രധാനമന്ത്രി തറക്കല്ലിടും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## AMITH SHAH (INTRO)

രാജ്യത്ത് നിന്ന് ഭീകരവാദം തുടച്ചുനീക്കുക എന്നതാണ് കേന്ദ്രസർക്കാരിൻറെ ലക്ഷ്യമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ന്യൂ ഡൽഹിയിൽ ഇന്നലെ ബോഡോ നേതാവ് ബോഡോഫ ഉപേന്ദ്രനാഥ് ബ്രഹ്മയുടെ പ്രതിമ അനാച്ഛാദനം ചെയ്യുകയായിരുന്നു അദ്ദേഹം. പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച ആരേയും രാജ്യം വെറുതേവിടില്ലെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## PETE HEGSETH –RAJNATH SINGH

ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ പോരാട്ടത്തിന് ശക്തമായ പിന്തുണ അറിയിച്ച് അമേരിക്ക. പഹൽഗാമിലെ ഭീകരാക്രമണ

പശ്ചാത്തലത്തിൽ യു.എസ് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്ത് ഇന്നലെ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങുമായി സംസാരിച്ചു. ഇന്ത്യയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതായും സ്വയം പ്രതിരോധിക്കാനുള്ള ഇന്ത്യയുടെ അവകാശത്തെ പിന്തുണയ്ക്കുന്നതായും ഹെഗ്സെത്ത് പറഞ്ഞു. ഭീകര സംഘടനകളെ പിന്തുണയ്ക്കുന്ന ചരിത്രമാണ് പാകിസ്ഥാനുള്ളതെന്ന് കേന്ദ്രമന്ത്രി രാജ് നാഥ് സിങ്, യു.എസ് പ്രതിരോധ സെക്രട്ടറിയോട് പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## SITHARAMAN – GST

കഴിഞ്ഞ മാസത്തെ റെക്കോർഡ് ജി എസ് ടി വരുമാനം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ശക്തമായനിലയെയും സഹകരണ ഫെഡറലിസത്തിന്റെ ഫലപ്രാപ്തിയേയും പ്രകടമാക്കുന്നുവെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. ഏപ്രിലിലെ മൊത്ത ജി എസ് ടി വരുമാനം 2.36 ലക്ഷം കോടി രൂപയായി, കഴിഞ്ഞ വർഷം ഏപ്രിലിന് അപേക്ഷിച്ച് 12.6 ശതമാനത്തിന്റെ വർധനവാണ് ഇത്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## SC – GENERIC MEDICINES

ഡോക്ടർമാർ രോഗികൾക്ക് ജനറിക് മരുന്നുകൾ മാത്രമേ നിർദ്ദേശിക്കാവൂവെന്ന് സുപ്രീംകോടതി. ഏതെങ്കിലും പ്രത്യേക ബ്രാൻഡ് നിർദ്ദേശിക്കാൻ പാടില്ലെന്ന് കോടതി ഉത്തരവിട്ടു. രാജ്യത്തെ മരുന്ന് നിർമാണ കമ്പനികളുടെ വിപണന രീതികൾ നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി പരിഗണിക്കവെയായിരുന്നു നിർദേശം. ജസ്റ്റിസുമാരായ സന്ദീപ് മേത്ത, വിക്രം നാഥ്, സഞ്ജയ് കരോൾ എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിച്ചത്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## NEW VOTER TABLE

വോട്ടർ പട്ടികയുടെ കൃത്യത മെച്ചപ്പെടുത്താനും വോട്ടെടുപ്പ് കൂടുതൽ സുഗമമാക്കാനും പുതിയ നടപടികളുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ. ബി.എൽ.ഓ.മാർക്ക് തിരിച്ചറിയൽ കാർഡ്, വോട്ടർ സൗഹൃദ സ്ലിപ്പുകൾ, മരണ രജിസ്ട്രേഷൻ ഡാറ്റ ഉപയോഗപ്പെടുത്തി വോട്ടർ പട്ടിക പുതുക്കൽ എന്നിവയാണ് പുതിയ നടപടികൾ.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## WAVES GLOBALMEDIAA SUMMIT

ആഗോള മാധ്യമ, വിനോദ മേഖലയിൽ രാജ്യത്തിന്റെ ഇടപെടലുകളിൽ സുപ്രധാന നാഴികക്കല്ല് സൃഷ്ടിച്ചുകൊണ്ട്, വേവ്സ് ഉച്ചകോടിക്ക് മുംബൈയിൽ തുടക്കമായി. ഉച്ചകോടിയുടെ ഭാഗമായി പ്രഥമ ആഗോള മാധ്യമ സംവാദം ഇന്ന് നടക്കും. 60-ലധികം രാജ്യങ്ങളുടെ പ്രതിനിധികൾ പങ്കെടുക്കും. കേന്ദ്രമന്ത്രിമാരായ എസ് ജയ്ശങ്കർ, അശ്വിനി വൈഷ്ണവ്, എൽ മുരുകൻ തുടങ്ങിയവരും പങ്കെടുക്കും. നാലുദിവസത്തെ വേവ്സ് ഉച്ചകോടി ഇന്നലെ പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ഉദ്ഘാടനം ചെയ്തത്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## WAVES-SRK (INTRO)

ഉച്ചകോടിയോട് അനുബന്ധിച്ച് ഒരുക്കിയ പരിപാടിയിൽ ബോളിവുഡ് താരങ്ങളായ ഷാരൂഖ് ഖാനും ദീപിക പദുക്കോണും ചലച്ചിത്ര നിർമ്മാതാവ് കരൺ ജോഹറുമായി ആശയവിനിമയം നടത്തി. ഉച്ചകോടി സാധ്യമാക്കിയതിന് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഷാരൂഖ് ഖാൻ നന്ദി അറിയിച്ചു.

(വോയ്സ്)

ഇന്ത്യയിൽ സൃഷ്ടിച്ച 45 കോടി മണിക്കൂർ വരുന്ന ഉള്ളടക്കം വിദേശ യുട്യൂബ് ഉപയോക്താക്കൾ കണ്ടതായി യൂട്യൂബിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നീൽ മോഹൻ, മറ്റൊരു സംവാദ പരിപാടിയിൽ പറഞ്ഞു. മൂന്ന് വർഷത്തിനിടെ യൂട്യൂബ് ഏകദേശം 21,000 കോടി രൂപ ഉള്ളടക്ക സൃഷ്ടാക്കൾക്ക് നൽകിയെന്നും അദ്ദേഹം അറിയിച്ചു.

## WAVES SUMMIT PLENARY SESSIONS

വേവ്സ് ഉച്ചകോടിയുടെ ഭാഗാമായി ബോളിവുഡ് താരം അക്ഷയ് കുമാർ നിയന്ത്രിച്ച സംവാദ പരിപാടിയിൽ ഹേമ മാലിനി, മോഹൻലാൽ, ചിരഞ്ജീവി തുടങ്ങിയ താരങ്ങൾ പങ്കെടുത്തു. കലാമൂല്യമുള്ള സിനിമകളും വിനോദമൂല്യമുള്ള സിനിമകളും തമ്മിലുള്ള അന്തരം വളരെ നേർത്തതാണെന്നും കഥാഖ്യാനമാണ് പ്രേക്ഷകരെ സ്പർശിക്കുന്നതെന്നും മോഹൻലാൽ പറഞ്ഞു.

## CENTRE FARMERS MEETING

പഞ്ചാബിലെ കർഷക സംഘടനകളുമായി ഈ മാസം 4 ന് നടത്താനിരുന്ന ചർച്ച കേന്ദ്ര സർക്കാർ റദ്ദാക്കി. ചർച്ചയിൽ പഞ്ചാബ് സർക്കാരിനെ ഒഴിവാക്കണമെന്ന് സംഘടനാ പ്രതിനിധികൾ കേന്ദ്ര കൃഷിമന്ത്രി ശിവ് രാജ് സിങ് ചൗഹാനോട് ആവശ്യപ്പെട്ടതിനെ തുടർന്നാണ് തീരുമാനം. നിലപാട് പുന പരിശോധിക്കണമെന്ന് മന്ത്രാലയം കർഷക സംഘടനകളോട് ആവശ്യപ്പെട്ടു.

## BIRLA- COMMITTEES

2025 -26 എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ചെയർമാനായി ബി ജെ പി എം പി സഞ്ജയ് ജയ്‌സ്വാളിനെ ലോക്സഭ സ്പീക്കർ ഓം ബിർള നിയമിച്ചു. 30 അംഗ സമിതിയുടെ കാലാവധി അടുത്തവർഷം ഏപ്രിലിൽ അവസാനിക്കും.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## IRAN-US- NUCLEAR TALKS

ഒമാനിൽ നടത്താനിരുന്ന ഇറാൻ, അമേരിക്ക നാലാംഘട്ട ആണവചർച്ച മാറ്റിവച്ചു. ആണവ ഉപരോധങ്ങൾ അവസാനിപ്പിക്കുകയും ആണവ പദ്ധതി സമാധാനപരമായി തുടരുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്ന തരത്തിൽ ഒരു കരാറിലെതുന്നതിനാണ് ഇറാൻ ആഗ്രഹിക്കുന്നതെന്ന് ഇറാൻ വിദേശകാര്യ മന്ത്രി സെയ്ദ് അബ്ബാസ് അരാഗ്ചി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## US-MIKE WALTZ

ഐക്യരാഷ്ട്രസഭയിലെ അടുത്ത യു.എസ് അംബാസഡറായി യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മൈക്ക് വാൾട്ട്സിനെ നാമനിർദ്ദേശം ചെയ്തു. മുൻ സൈനികനും, ട്രംപിന്റെ നിലവിലെ ദേശീയ സുരക്ഷാ ഉപദേഷ്ടാവുമാണ് വാൾട്ട്സ്.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## ANIMAL DISEASE CONTROL PROGRAM

ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന കന്നുകാലികളിലെ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് പദ്ധതി ആറാം ഘട്ടത്തിന്

ഇന്ന് തുടക്കം. കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി ജെ.ചിഞ്ചുറാണി സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കും. തികച്ചും സൗജന്യമാണ് കുത്തിവെയ്പ്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## GIRIJA VYAS

മുതിർന്ന കോൺഗ്രസ് നേതാവും മുൻ കേന്ദ്രമന്ത്രിയുമായ ഡോ. ഗിരിജ വ്യാസ് അന്തരിച്ചു. പൊള്ളലേറ്റ് അഹമ്മദാബാദിൽ ചിത്സയിലിരിക്കെ ഇന്നലെയായിരുന്നു അന്ത്യം. ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷയായിരുന്ന ഡോ. ഗിരിജ വ്യാസ്, നിരവധി തവണ ലോക്സഭാ എംപിയും ആയിരുന്നു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

✡✡✡✡✡✡✡✡✡✡

✡✡✡✡✡✡✡

✡✡✡✡